# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248.    20/12/2012 - ൽ മറുപടിക്ക്

## ഹയർ സെക്കണ്ടറി പാഠ പുസ്തകങ്ങളുടെ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, എ. റ്റി. ജോർജ്<br>,, പി. എ. മാധവൻ<br>,, എം.പി. വിൻസെന്റ് | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി പാഠ പുസ്തകങ്ങളുടെ പരിഷ്കരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) 2005 ൽ എൻ.സി.ഇ.ആർ.ടി പുറത്തിറക്കിയ നാഷണൽ കരിക്കുലം ഫ്രെയിം വർക്കിന്റെ ചുവടുപിടിച്ച് വിദ്യാർത്ഥികേന്ദ്രീകൃതവും പ്രവർത്തനോന്മുഖവും പ്രക്രിയ ബന്ധിതവുമായിപാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പത്താം തരം വരെ പരിഷ്ക്കരിച്ചു. ഈ പരിഷ്ക്കരണ പ്രക്രിയ 2007 ൽ ആരംഭിച്ച് 2010-11 അധ്യയനവർഷം പത്താം തരം വരെ നടപ്പാക്കി. ഇതിനു തുടർച്ചയായി ഹയർസെക്കന്ററി തലത്തിൽ ഒരു പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും വികസിപ്പിച്ചെടുക്കുന്നതിനായി, എസ്.സി.ഇ.ആർ.ടി,വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരേയും അദ്ധ്യാപകരേയും പങ്കെടുപ്പിച്ചു കൊണ്ട് വിവിധ ശില്പശാലകൾ |

നടത്തുകയുണ്ടായി. ഈരേഖ കരിക്കുലം കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്.

എന്നാൽ ഒന്നു മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ച് സമഗ്രമായി അപഗ്രഥനം ചെയ്യാൻ ഡോ.എ.സുകുമാരൻ നായർ ചെയർമാനായുള്ള ഒരു വിദഗ്ധ സമിതിയെ, സർക്കാർ 12.10.2012 ലെ സ.ഉ (ആർ റ്റി) 4937/2012/ പൊ.വി.വ ഉത്തരവ് പ്രകാരം, ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമറിപ്പോർട്ട് ആയിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ഹയർസെക്കന്ററി മേഖലയിലെ നിലവിലുള്ള അവസ്ഥ പഠിക്കാൻ എസ്.സി. ഇ.ആർ.ടി ഒരു സിസ്റ്റം സ്റ്റാറ്റസ്സ്റ്റഡി നടത്തിയിട്ടുണ്ട്. |
| (സി) | സർവ്വേ റിപ്പോർട്ട് കരിക്കുലം കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പാഠപുസ്തകങ്ങളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്തുവാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഡോ. സുകുമാരൻ നായർ കമ്മറ്റിയുടെ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ ഇതിൽ തീരുമാനമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.